# കിരാതാർജ്ജുനീയം

## 'കവിഹൃദയപ്രകാശിനീ'വിവർത്തനോപേതം

(പത്താംക്ലാസിലെ സംസ്കൃതപാഠപുസ്തകത്തിലെ പ്രസക്തഭാഗങ്ങളുടെ മലയാളവിവർത്തനം)

വിവർത്തനം- ഹരിപ്രസാദ്,വി.ടി,കടമ്പൂര്

കഥാസംക്ഷേപം

ദുര്യോധനൻ പ്രജാക്ഷേമം
ചെയ്യും രീതിയറിഞ്ഞിടാൻ
യുധിഷ്ഠിരൻ വിട്ട ചാരൻ
ചാരെവന്നോതിയീവിധം

युधिष्ठिरं समेत्य वनेचर: सम्प्रति यद्वक्तव्यं तदाह-

-१-

विशङ्कमानो भवत: पराभवं नृपासनस्थोपि वनाधिवासिन:।
दुरोदरच्छद्मजितां समीहते नयेन जेतुं जगतीं सुयोधन:।।

യുധിഷ്ഠിരനെ സമീപിച്ച വനേചരൻ എന്തു പറയാനുദ്ദേശിച്ചുവോ അതിപ്പോൾ പറയുന്നു-

-൧-

രാജ്യഭ്രഷ്ടൻ വനത്തിൽ കഴിയുമൊരുവനാ-
ണെങ്കിലും നിന്നിൽ നിന്നും
വന്നേക്കാം തോൽവി,യെന്നുള്ളൊരു വലിയഭയം
തന്നെ ബാധിക്കയാലേ
ഭൂപൻ ദുര്യോധനൻ, താൻ പകിടകളിയതിൽ
വ്യാജമായ് നേടിയോരാ-
രാജ്യം വീണ്ടും നയത്താൽ നിജകരഗതമാ-
ക്കീടുവാൻ വെമ്പിടുന്നു.

** **

नयेन जगतीं जेतुं समीहते इत्युक्तम्। तत्प्रकारमाह-

-२-

तथापि जिह्मः स भवज्जिगीषया तनोति शुभ्रं गुणसम्पदा यशः।
समुन्नयन् भूतिमनार्यसङ्गमाद् वरं विरोधोपि समं महात्मनाम्।।

നയത്തിൽ രാജ്യം കൈവശപ്പെടുത്താൻ ശ്രമിക്കുന്നുവെന്നു പറഞ്ഞു. അത് എപ്രകാരമെന്ന് പറയുന്നു-

-൨-

ശങ്കിപ്പോൻതന്നെ,യെന്നാകിലുമതികുടിലൻ
നിന്നെ വീണ്ടും ജയിപ്പാ-
നാശിക്കേ സദ്ഗുണത്താൽ യശസുമുഴുവനും
ശുഭ്രമായ്ത്തീർത്തിടുന്നു.
ദുഷ്ടന്മാർക്കൊത്തുവാഴുന്നതിലുമതിസുഖം
തന്നെയാം ശ്രേഷ്ഠരോടീ-
ക്കാട്ടും വൈരാഗ്യമോർത്താ,ലതിവിപുലവിഭൂ-
തിക്ക് ലാക്കാക്കുവോർക്കും.

** **

ननु कातर्यं केवला नीतिः इत्याशङ्क्य नीतियुक्तं पौरुषमस्येत्याह-

-३-

कृतारिषड्वर्गजयेन मानवीम् अगम्यरूपां पदवीं प्रपित्सुना।
विभज्य नक्तंदिवमस्ततन्द्रिणा वितन्यते तेन नयेन पौरुषम्।।

കേവലമായ നീതി ഭീരുത്വം അഥവാ ചാപല്യമല്ലേ? എന്ന ശങ്കയെ പരിഹരിക്കാനായി അദ്ദേഹത്തിന്റേത് നീതിയുക്തമായ പൗരുഷമായിരുന്നുവെന്ന് പറയുന്നു-

-൩-

അന്തഃശത്രുക്കളാകും കൊതി,ദ്വര,മദ,കാ-
മാദിയാറും ജയിച്ചി-
ട്ടപ്രാപ്യം ശാസനാർത്ഥം മനുരചിതസദാ-
ചാരമാർഗ്ഗത്തിലേറാൻ
ആലസ്യം കൈവെടിഞ്ഞി,ട്ടിരവുപകലുമായ്
നീതിപൂർവം പകുത്തി-
ട്ടുത്സാഹത്തോടെ ദുര്യോധന,നതിവിരുതൻ
പൗരുഷം കാട്ടിടുന്നു.

** **

सम्प्रति भृत्याद्यनुरागमाह-

-४-

सखीनिव प्रीतियुजोनुजीविन: समानमानान् सुहृदश्च बन्धुभि:।
स सन्ततं दर्शयते गतस्मय: कृताधिपत्यामिव साधु बन्धुताम्।।

അനന്തരം ഭൃത്യന്മാർ തുടങ്ങിയവരോടുള്ള പ്രേമവായ്പിനെപ്പറ്റി പറയുന്നു-

-൪-

ഗർവ്വം സർവ്വം വെടിഞ്ഞിട്ടവിരതമധുനാ
ഭൃത്യരെത്തോഴരേപ്പോൽ
മിത്രത്തേ ബന്ധുവിൽനിന്നൊരുപടികുറയാ-
തുള്ള സമ്മാന്യരെപ്പോൽ
ബന്ധുക്കൂട്ടത്തെയെല്ലാം നിജമഹിയിലധീ-
ശത്ത്വമുള്ളോർക്കുതുല്യം
ലോകർക്കായ് കാട്ടിടുന്നു കപടതകലരാ-
തിന്നവൻ പ്രീതിപൂർവ്വം.

** **

न चायं त्रिवर्गात्प्रमाद्यतीत्याह-

-५-

असक्तमाराधयतो यथातथं विभज्य भक्त्या समपक्षपातया।
गुणानुरागादिव सख्यमीयिवान् न बाधतेस्य त्रिगण: परस्परम्।।

അദ്ദേഹം ധർമ്മാർത്ഥകാമങ്ങളിൽനിന്നും വ്യതിചലിച്ചില്ലെന്നു പറയുന്നു-

-൫-

നേരാംവണ്ണം പകുത്തു ത്രിഗണമിതിപുകൾ-
പെറ്റ ധർമ്മാർത്ഥകാമ-
ക്കൂട്ടം, കാണിച്ചതില്ല,ങ്ങവനതിലണുവി-
ന്നെങ്കിലും പക്ഷപാതം
ഭക്ത്യാ പൂജിക്കയാലേ ത്രിഗണവുമനുരാ-
ഗത്തിനാലെന്നപോലെ
മൈത്രീഭാവം പുലർത്തീട്ടൊരുദിനവുമഹോ!
തമ്മിൽ ബാധിച്ചതില്ല.

** **

अथ श्लोकत्रयेण उपायकौशलं दर्शयन् आदौ सामदाने दर्शयति-

-६-

निरत्ययं साम न दानवर्जितं न भूरि दानं विरहय्य सत्क्रियाम्।
प्रवर्तते तस्य विशेषशालिनी गुणानुरोधेन विना न सत्क्रिया।।

അനന്തരം മൂന്നശ്ലോകങ്ങളെക്കൊണ്ട് അദ്ദേഹത്തിന്റെ ഉപായകൗശലത്തെ പ്രദർശിപ്പിക്കാൻ ഉദ്ദേശിച്ച കവി ആദ്യശ്ലോകം കൊണ്ട് ചതുരുപായങ്ങളിൽ ആദ്യത്തേതായ സാമ-ദാനങ്ങളെ പ്രദർശിപ്പിക്കുന്നു-

-൬-

ചെയ്യപ്പെട്ടില്ല സാമം കുരുകുലവരനാൽ
    ദാനമില്ലാതെ തെല്ലും
സല്ക്കർമ്മത്തിങ്കലല്ലാതവനധികതരം
    ദാനവും നല്കിയില്ല.
അത്യന്തം ശ്രേഷ്ഠമാകുന്നൊരുജനബഹുമാ-
    നാദി സല്ക്കർമ്മമെല്ലാ-
മുൽകൃഷ്ടം സൽഗുണത്തി,ന്നളവിനനുസരി-
    ക്കാതെയും ചെയ്തതില്ല.

** **

सम्प्रति भेदकौशलं दर्शयति-

-७-

विधाय रक्षान् परितः परेतरानशङ्किताकारमुपैति शङ्कितः।
क्रियापवर्गेष्वनुजीविसात्कृताः कृतज्ञतामस्य वदन्ति सम्पदः।।

അടുത്ത ശ്ലോകത്താൽ മൂന്നാമത്തേതായ ഭേദോപായസാമർത്ഥ്യത്തെപ്പറ്റി പറയുന്നു-

-൭-

ആരേയും വിശ്വസിക്കാതൊരുവ,നവനഹോ!
    തന്റെ രക്ഷയ്ക്ക ചുറ്റും
കൊള്ളാവുന്നോരെ നിർത്തീ,ട്ടവരൊടു പെരുമാ-
    റുന്നു വിശ്വസ്തനെപ്പോൽ.
കാര്യങ്ങൾ ചെയ്തുതീർന്നാൽ ക്ഷിതിപനിലുളവാം
    സ്നേഹവും നന്ദിയും, താൻ
ഭൃത്യാധീനങ്ങളാക്കും ബഹുവിധധനസ-
    മ്പത്തുതാൻ ചൊല്ലിടുന്നു.

** **

अथ दण्डप्रकारमाह–

-८-

वसूनि वाञ्छन्न वशी न मन्युना स्वधर्म इत्येव  निवृत्तकारण:।
गुरूपदिष्टेन रिपौ सुतेपि वा निहन्ति दण्डेन  स धर्मविप्लवम्।।

അനന്തരം നാലാമത്തെ ദണ്ഡോപായത്തെപ്പറ്റി പറയുന്നു-

-വ്യ-

കോപത്താലല്ല തെല്ലും, ധനമതിലധികം
    വാഞ്ഛയാലല്ല, സർവ്വം
രാജാവിൻ ധർമ്മമാണെ,ന്നറികലരുവോർ
    ചൊന്നവാക്കിൻ പ്രകാരം
ശിക്ഷിച്ചു ശത്രുവാട്ടേ, നിജപ്രിയസുതനാ-
    കട്ടെ,യാരാകിലും താൻ
ധർമ്മം കൈവിട്ടുവെന്നാലവനെ,യവനിപൻ
    മറ്റുഹേതുക്കളെന്ന്യേ.

** **

सम्प्रति जनपदक्षेमकरत्वमाह–

-९-

सुखेन लभ्या दधत: कृषीवलैरकृष्टपच्या इव सस्यसम्पद:।
वितन्वति क्षेममदेवमातृकाश्चिराय तस्मिन्कुरवश्चकासति।।

ഇപ്പോൾ ഗ്രാമങ്ങളിൽ താൻ ചെയ്ത ക്ഷേമകരങ്ങളായ കാര്യങ്ങളെ പറയുന്നു-

-൯-

ഒട്ടേറെക്കാലമായീ കുരുവരനവ,നീ-
    മട്ട് ക്ഷേമം വിതക്കേ
ശോഭിച്ചേറ്റം നദീമാതൃകയിലവിരതം
    കൗരവം നാ,ടശേഷം.
ഒട്ടും കഷ്ടപ്പെടാതേ, ഭുവി കൃഷികളിറ-
    ക്കാതെ നേടുന്നവണ്ണം
ഒട്ടേറെ സസ്യസമ്പത്തരിയ ഗുണയുതം
    നേടിനാൻ കർഷകന്മാർ.

** **

सम्प्रति तस्य मित्रबलमाह-

-१०-

न तेन सज्यं क्वचिदुद्यतं धनु: कृतं न वा कोपविजिह्ममाननम्।
गुणानुरागेण शिरोभिरुह्यते नराधिपैर्माल्यमिवास्य शासनम्।।

ദുര്യോധനന്റെ മിത്രബലത്തെപ്പറ്റി ഇപ്പോൾ പറയുന്നു-

-൧൦ -

കോപത്താലേ കറുത്തില്ലൊരുദിനവുമഹോ!
തന്മുഖം, തന്റെ വില്ലിൽ
ഞാൺ ചേർത്തിട്ടേറ്റിയില്ലാ കരമതിലൊരുനാ-
ളും നൃപൻ ധാർത്തരാഷ്ട്രൻ.
ഭൂപന്മാരന്യരെല്ലാവരുമവനിലഹോ !
സൽഗുണം കാൺകയാലേ
മൂർദ്ധാവാൽ സ്വീകരിക്കുന്നഥ നൃപനരുളും
ശാസനം മാല്യതുല്ല്യം.

** **

കുറിപ്പ് -(൧) ഇവിടെ കൊടുത്ത "निरत्ययं साम न दानवर्जितं.." എന്ന ആറാമത്തെശ്ലോകം പാഠപുസ്തകത്തിലില്ല. എങ്കിലും ഉടർന്നുവരുന്ന രണ്ടുശ്ലോകങ്ങളും അതോടു ബന്ധപ്പെട്ടതാകയാൽ ആശയപൂർത്തിക്കുവേണ്ടി ഇവിടെ ഉദ്ധരിക്കപ്പെട്ടതാണ്. രാജ്യതന്ത്രത്തിലെ സുപ്രധാനമായ ചതുരുപായങ്ങളിൽ അവസാനത്തേതായ ഭേദ-ദണ്ഡങ്ങളെ പ്രതിപാദിക്കുന്ന ശ്ലോകങ്ങൾ ഉദ്ധരിക്കുകയും, സാമ-ദാനങ്ങളെ പ്രതിപാദിക്കുന്നതും പാഠപുസ്തകത്തിൽ ഉദ്ധരിക്കപ്പെട്ട ശ്ലോകങ്ങളെക്കാൾ പ്രായേണ അക്ലിഷ്ടവുമായ ശ്ലോകത്തെ പാഠപുസ്തകത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്തതിന്റെ കാരണം മനസ്സിലാകുന്നില്ല.

(൨) ഇവിടെ പാഠപുസ്തകത്തിൽ നിന്നും വ്യത്യസ്തമായി 'वसूनि वाञ्छन्न... 'എന്ന ശ്ലോകത്തെ 'विधाय रक्षान् परित:... 'എന്ന ശ്ലോകത്തിനുശേഷമാണ് ചേർത്ത്പഠിച്ചിരിക്കുന്നത്. സാമം, ദാനം, ഭേദം, ദണ്ഡം എന്നതാണ് ചതുരുപായക്രമം. അതിനാലാണ് ഭേദോപായത്തെ പ്രതിപാദിക്കുന്ന ശ്ലോകത്തിനുശേഷം ദണ്ഡോപായത്തെപ്പറ്റിയുള്ള ശ്ലോകം എന്ന ക്രമം സ്വീകരിച്ചത്.

-സമർപ്പണം-

പത്താംക്ലാസിൽ പഠിക്കുന്നവരുടെ പഠനത്തിന്നുമാറ്റേറ്റുവാനായ്-
മാത്രം ഞാ,നീവിധത്തിൽ കവിതയിതധുനാ കേവലം ഭാഷയാക്കി
എല്ലാം നിൻ തൃക്കടാക്ഷം, കവിവരകവിതാ'സ്രഗ്ധരേ'! നിൻപദാബ്ജേ
'വംശസ്ഥ'ൻതന്നെയാം ഞാ,നൊരുകവനസുമം മാത്രമർപ്പിച്ചിടുന്നേൻ!!

-ഹരിപ്രസാദ്,വി.ടി.കടന്നൂര്
hariprasadvt1973@gmail.com
kalidasavidyapeedam@gmail.com
0497 2831656, 9446431656

# സുയോധനന്റെ രാജനീതി.

(പാഠപുസ്തകത്തിലെ ക്രമമനുസരിച്ചുള്ള വൃത്താനുവൃത്തവിവർത്തനം- ഹരിപ്രസാദ്, വി.ടി.കടന്നൂര്)

1 കാട്ടിൽ വസിക്കുന്ന ഭവാനിൽ നിന്നഹോ!
പരാജയാശങ്ക ജനിക്കയാൽ നൃപൻ
ചതിച്ചു താൻ ചൂതിൽ ജയിച്ച ഭൂമി തൻ-
വശത്തിലാക്കാൻ തുനിയുന്നു പിന്നെയും.

2 ഭവാനെ വെല്ലാൻ തുനിയുന്ന വഞ്ചകൻ
ഗുണങ്ങളാൽ നിർമ്മലമാക്കി കീർത്തിയെ.
അനാര്യരൊത്തുള്ളൊരു സൗഹൃദത്തിലും
ഈഷദ്ഗുണം സജ്ജനവൈരമൊന്നു താൻ.

3 കാമാദിഷഡ്വൈരികളെത്തടഞ്ഞവൻ
മനൂക്തമാം ദുർഗ്ഗമമാർഗ്ഗമേറുവാൻ
ആലസ്യമില്ലാതെ പകുത്തു രാപ്പകൽ
മുറയ്ക്കു ചെയ്യുന്നു സ്വകീയവിക്രമം

4 സുഹൃത്തിനെപ്പോൽ കരുതുന്നു ഭൃത്യരെ
മാനിപ്പു മിത്രത്തെ സ്വബാന്ധവോപമം
ബന്ധുക്കളെബ്ഭൂവിനധീശരെന്നപോൽ
കാട്ടുന്നു താൻ വേണ്ടവിധം ഗതസ്മയൻ

5 അസക്തനാം താൻ സമപക്ഷപാതനായ്
പകുത്തു സേവിക്കുകയാൽ യഥാവിധി
ഗുണങ്ങളാൽ സഖ്യമിയന്നപോലെ തൻ-
ധർമ്മാർത്ഥകാമങ്ങളെതിർത്തിടാതെയായ്.

6 ധനം കൊതിച്ചല്ലഥ കോപമാർന്നുമ-
ല്ലവൻ സ്വധർമ്മങ്ങളിതെന്ന ചിന്തയാൽ
അധർമ്മിയാം ശത്രുവിനും സ്വപുത്രനും
ഗുരൂക്തമാം രീതിയിലേകി ശിക്ഷകൾ.

7 തനിക്കുചുറ്റും സ്വജനത്തെ നിർത്തി,യി-
ന്നശങ്കിതൻപോലെ നടിപ്പു ശങ്കിതൻ
പ്രവൃത്തിതീരുന്നമുറയ്ക്കു ഭൃത്യരിൽ
ചേർക്കും ധനം ചൊൽവു നൃപന്റെ നന്ദിയെ.

8 നടാതെ കൊയ്യുന്നതുപോലെ കർഷകർ
സുലബ്ധമാം സസ്യസമൃദ്ധി നേടിനാൻ
നദീജലത്താൽ കുരുദേശമീവിധം
ശോഭിക്കയായ് ക്ഷേമമവൻ വിതയ്ക്കവേ.

9 സുസജ്ജ്യമാം ചാപമുയർത്തിയില്ലവൻ
കോപാൽ കറുത്തില്ലൊരുനാളുമാനനം
മറ്റുള്ള ഭൂപാലർ ശിരസ്സിലേറ്റിനാൻ
ഗുണങ്ങളാൽ മാലകണക്കെ ശാസനം.

** ** **